ക്നാനായ VOICE OF THE KNANAYA PEOPLE AROUND THE WORLD വോയ്സ്
www.knanayavoice.com
ESTD: 2008
13
മെയ് 2012
ഞായർ
ലക്കം 1 ■ പുസ്തകം 14

# ആഗോള ക്നാനായ സിമ്പോസിയം ചിക്കാഗോയിൽ



ചിക്കാഗോ: ഡയസ്ഫറ ക്നാനായ കാത്തലിക് കോൺഗ്രസ് (ഡി.കെ.സി.സി.) സംഘടിപ്പിക്കുന്ന ആഗോള ക്നാനായ സിമ്പോസിയം ചിക്കാഗോയിൽവെച്ച് നടത്തപ്പെടുന്നതാണെന്ന് ഡി.കെ.സി.സി. പ്രസിഡന്റ് ജോർജ് നെല്ലാമറ്റം പ്രസ്താവിച്ചു. ആഗോള ക്നാനായ കത്തോലിക്കാ സമുദായം നേരിടുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും എന്നതാണ് മുഖ്യ പഠനവിഷയം. ചിക്കാഗോയിൽ ഇറ്റാസ്ക്കായിലുള്ള ഹോളിഡേ ഇന്നിൽ (860 W. Irving Park Rd, Itasca, IL 60143) വെച്ച് ജൂൺ 3-ാം തീയതി ഞായറാഴ്ച വൈകുന്നേരം 4 മണി മുതലാണ് സിമ്പോസിയം. വടക്കേ അമേരിക്ക, യൂറോപ്പ്, ഓഷ്യാന, മിഡിൽ ഈസ്റ്റ് എന്നീ റീജിയനുകളിൽ പ്രവർത്തിക്കുന്ന ക്നാനായ കത്തോലിക്കാ സംഘടനകളുടെ ആഗോള ഫെഡറേഷനാണ് ഡി.കെ.സി.സി. സഭാസാമുദായിക നേതാക്കൻമാരെ ഒരേ വേദിയിൽ അണിനിരത്തിക്കൊണ്ടാണ് ഈ പ്രോഗ്രാം സംഘടിപ്പിച്ചിരിക്കുന്നതെന്ന് ജോർജ് നെല്ലാമറ്റം പറഞ്ഞു.

വടവാതൂർ സെമിനാരി പൗരസ്ത്യ വിദ്യാപീഠം മുൻ പ്രസിഡന്റ് റവ. ഡോ. മാത്യു മണക്കാട്ട്, ക്നാനായ കാത്തലിക് റീജിയൻ ഡയറക്ടർ മോൺ. എബ്രഹാം മുത്തോലത്ത്, ഡി.കെ.സി.സി. ജനറൽ സെക്രട്ടറി ഐൻസ്റ്റീൻ വാലയിൽ (യു.കെ.), ട്രഷറർ ബിനു പൂത്തുറയിൽ, കെ.സി.സി.എൻ.എ. മുൻ പ്രസിഡന്റുമാരായ ജോൺ ആകശാല, ബേബി ഊരാളിൽ, ജോണി പുത്തൻപറമ്പിൽ, ജോയി വാച്ചാച്ചിറ, ടൊറോന്റോ ക്നാനായ കൺവൻഷൻ ചെയർമാൻ ജോസഫ് പതിയിൽ, കെ.സി.സി.എൻ.എ. ഇ.ഇ.സി.ചെയർമാൻ റിൻലി മൂലക്കാട്ട് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. കെ.സി.സി.എൻ.എ. മുൻ പ്രസിഡന്റും ഇൻഡ്യാ പ്രസ് ക്ലബ് ചിക്കാഗോ പ്രസിഡന്റുമായ ജോസ് കണിയാലി സിമ്പോസിയത്തിന്റെ ജനറൽ മോഡറേറ്ററായിരിക്കും.

തുടർന്ന് നടക്കുന്ന 'ആശയസംവാദം' എന്ന സെക്ഷനിൽ ചിക്കാഗോ കെ.സി.എസ്. പ്രസിഡന്റ് സിറിയക് കൂവക്കാട്ടിൽ, കെ.സി.സി.എൻ.എ. ജനറൽ സെക്രട്ടറി സിബി വഴപ്പള്ളിൽ, ട്രഷറർ നിമി തുരുത്തുവേലിൽ, ആർ.വി.പി. ഷിജു ചെറിയത്തിൽ, ഒർലാന്റോ ക്നാനായ കൺവൻഷൻ ചെയർമാൻ ജെയിംസ് ഇല്ലിക്കൽ, ജനറൽ കൺവീനർ ടോമി മ്യാൽക്കരപ്പുറത്ത്, കെ.സി.എസ്. മുൻ പ്രസിഡന്റുമാരായ മേയമ്മ വെട്ടിക്കാട്ട്, ഷാജി എടാട്ട്, ഡോ. മാത്യു ജോസഫ് തിരുനെല്ലിപ്പറമ്പിൽ, മാത്യു പടിഞ്ഞാറേൽ, ജോൺ ഇലക്കാട്ട്, സൈമൺ പള്ളിക്കുന്നേൽ, മാത്യു നെടുമാക്കൽ, സിറിയക് പുത്തൻപുരയിൽ, ജോയി ചെമ്മാച്ചേൽ, പ്രഥമ ക്നാനായ കൺവൻഷൻ ചെയർമാൻ തോമസ് മുളക്കൽ, ക്നാനായ വിമൻസ് ഫോറം പ്രസിഡന്റ് ഗ്രേസി വാച്ചാച്ചിറ, ജനറൽ സെക്രട്ടറി ലിസി തോട്ടപ്പുറം, കെ.സി.വൈ.എൽ. പ്രസിഡന്റ് റ്റിമ്മി ഇടിയാലിൽ, കെ.സി.സി.എൻ.എ. മുൻ ജനറൽ സെക്രട്ടറി സുനിൽ മാധവപ്പള്ളിൽ, ജോർജ് പുതുക്കുളം, അരുൺ നെല്ലാമറ്റം (യുവജനവേദി) കെ.സി.എ.സ്. ട്രഷറർ ജോമോൻ തൊടുകയിൽ, ജോയിന്റ് സെക്രട്ടറി മത്യാസ് പുല്ലാപ്പള്ളിൽ, കെ.സി.എസ്. മുൻ വൈസ് പ്രസിഡന്റുമാരായ കുര്യൻ തൊട്ടിച്ചിറ, ജയിൻ മാക്കീൽ തുടങ്ങിയവർ പ്രസംഗിക്കും. കെ.സി.എസ്. സെക്രട്ടറി സൈമൺ മുട്ടത്തിൽ, ടോണി പുല്ലാപ്പള്ളിൽ എന്നിവർ മോഡറേറ്റർമാരായിരിക്കും. തുടർന്ന് വിവിധ രാജ്യങ്ങളിലെ ക്നാനായ കത്തോലിക്കാ നേതാക്കൻമാരുമായുള്ള വീഡിയോ കോൺഫ്രൻസ് നടക്കും.

ക്നാനായ കത്തോലിക്കാ കോൺഗ്രസ് പ്രസിഡന്റ് പ്രൊഫ. ജോയി മുപ്രാപ്പള്ളിൽ, ജനറൽ സെക്രട്ടറി പ്രൊഫ. ബാബു പൂഴിക്കുന്നേൽ, കെ.സി.വൈ.എൽ. കോട്ടയം അതിരൂപതാ പ്രസിഡന്റ് ഷിനോയ് മഞ്ഞാങ്കൽ, സജിമോൻ വയലുങ്കൽ (ഓഷ്യാന), രാജു ഓരിൽ (മിഡിൽ ഈസ്റ്റ്), സജിമോൻ വരകുകാലായിൽ (ഓഷ്യാന), ലേവി പടപുരക്കൽ (യു.കെ.) മാത്തുക്കുട്ടി ആനകുത്തിക്കൽ (യു.കെ.), ജോസ് ഇഞ്ചനാട്ട് (മിഡിൽ ഈസ്റ്റ്), ബിജോമോൻ ചേന്നാട്ട് (ഡി.കെ.സി.സി. ജോയിന്റ് സെക്രട്ടറി ന്യൂസിലാന്റ്) തുടങ്ങിയവർ പങ്കെടുക്കും.

ക്നാനായ വോയ്സ് മാനേജിംഗ് ഡയറക്ടർ അഡ്വ. സാജു കണ്ണമ്പള്ളി, കെ.സി.എസ്. മുൻ സെക്രട്ടറി ജോർജ് തോട്ടപ്പുറം എന്നിവരാണ് മോഡറേറ്റർമാർ. ഈ പ്രോഗ്രാം ക്നാനായ വോയ്സും, മലയാളം ഐ.പി.ടി.വിയും തൽസമയം സംപ്രേക്ഷണം നടത്തുന്നതായിരിക്കും. ഗ്യാസ്ഡിപ്പോ സി.ഇ.ഒ. ജോയിനെടിയകാലായിലാണ് പ്രോഗ്രാമിന്റെ ഗ്രാൻഡ് സ്പോൺസർ.

## അഭി. കുന്നശ്ശേരി പിതാവിനെ കാരിത്താസ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു



കോട്ടയം: അഭി: കുന്നശ്ശേരി പിതാവിനെ വാർധക്യ സഹജ അസുഖങ്ങളാലും ദേഹാസ്വസ്തതായാലും കാരിത്താസ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അമിതമായ ആന്തരിക രക്തസ്രവാത്താൽ അദ്ദേഹത്തിന്റെ നില അതീവ ഗുരുതരമായിരുന്നെങ്കിലും ഇപ്പോൾ ഭേദപ്പെട്ടിട്ടുണ്ട്. പ്രമുഖ ഗാസ്ട്രോ എൻട്രോളജിസ്റ്റ് ഡോ. ഫിലിപ് അഗസ്റ്റിന്റെ നേതൃത്വത്തിലുള്ള ഡോക്ടർമാരുടെ സംഘമാണ് കാരിത്താസിൽ പിതാവിനെ ഇപ്പോൾ ചികിത്സിക്കുന്നത്.

## സ്റ്റീഫൻ മാണിക്ക് സിവിൽ സർവ്വീസ് പരീക്ഷയിൽ 140-ാം റാങ്ക്



ന്യൂഡൽഹി: ഈ വർഷത്തെ സിവിൽ സർവ്വീസ് പരീക്ഷയിൽ, കോട്ടയം അതിരൂപതയിലെ പറമ്പഞ്ചേരി ഇടവകയിൽ കിഴക്കനാടിയിൽ കെ.കെ. മാണി -എൽസമ്മ ദമ്പതികളുടെ മകൻ സ്റ്റീഫൻ മാണി 140-ാം റാങ്ക് കരസ്ഥമാക്കി. ജോസ് സിറിയക് ഐ.എ.എസ്.നു ശേഷം സിവിൽ സർവ്വീസ് പരീക്ഷയിൽ ഏറ്റവും ഉയർന്ന റാങ്ക് നേടുന്ന രണ്ടാമത്തെ വ്യക്തിയാണ് സ്റ്റീഫൻ എന്നത് കോട്ടയം അതിരൂപതക്ക് അഭിമാന മുഹൂർത്തമായി.

സെന്റ് സ്റ്റീഫൻസ് സ്കൂൾ പറമ്പഞ്ചേരിയിൽ നിന്നും പ്രാഥമിക വിദ്യാഭ്യാസം നേടിയ സ്റ്റീഫൻ തന്റെ ഹൈസ്കൂൾ പഠനം മൂവാറ്റുപുഴ നിർമ്മല ഹൈസ്കൂളിലാണ് പൂർത്തിയാക്കിയത്. കോതമംഗലം സെന്റ് ജോർജ് ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നും സംസ്ഥാന തലത്തിൽ മൂന്നാം റാങ്കോടെ പ്ലസ്ടു പഠനം പൂർത്തിയാക്കിയ സ്റ്റീഫൻ ബിറ്റ്സ് പിലാനിയിൽ നിന്നും എൻജിനീയറിംഗിൽ ബിരുദം നേടിയ ശേഷം ബാംഗ്ലൂരിലെ ഒരു സ്വകാര്യ കമ്പനിയിൽ ജോലി ചെയ്തു വരവെ അതു രാജി വെച്ചാണ് ഇന്ത്യയിലെ ഏറ്റവും തിളക്കമാർന്ന സിവിൽ സർവ്വീസിലേക്ക് പരിശ്രമിക്കുന്നത്.

സ്റ്റാറ്റിസ്റ്റിക്കൽ ഡിപ്പാർട്ട്മെന്റിൽ നിന്നും സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ ആയി വിരമിച്ച സ്റ്റീഫന്റെ പിതാവ് പിറവം കിഴക്കനാടിയിൽ കുടുംബാംഗമാണ്. പറമ്പഞ്ചേരി എൽ.പി. സ്കൂളിൽ നിന്നും ഹെഡ്മിസ്ട്രസ് ആയി വിരമിച്ച സ്റ്റീഫന്റെ മാതാവ് എൽസമ്മ മൂലക്കാട്ട് കുടുംബാംഗമാണ്. എൻജിനീയറിങ്ങ് ബിരുദധാരിയായ സ്റ്റീഫന്റെ ഏകസഹോദരൻ ബിജോ മാണി മുംബൈയിൽ ഒരു വിദേശ ബാങ്കിന്റെ ഫൈനാൻസ് ഓഫീസറായി ജോലി ചെയ്യുന്നു.

# കെ. സി. വൈ. എൽ. കടുത്തുരുത്തി ഫൊറോന പ്രവർത്തനോദ്ഘാടനം



പിറവം: ക്നാനായ കാത്തലിക് യൂത്ത് ലീഗ് കടുത്തുരുത്തി ഫൊറോനയുടെ 2012-2013 പ്രവർത്തന കാലഘട്ടത്തിന് വർണശബളമായ തുടക്കം. കെ. സി. വൈ. എൽ പിറവം യൂണിറ്റിന്റെ ആതിഥേയത്വത്തിൽ നടന്ന പ്രവർത്തനോദ്ഘാടനത്തിൽ മുഖ്യാതഥിയായി എത്തിയ യുവമന്ത്രിയും പിറവത്തിന്റെ ജനനായകനുമായ അനൂപ് ജേക്കബിന് ക്നാനായ യുവജനങ്ങൾ സ്നേഹോഷ്മളമായ സ്വീകരണം നൽകി. കെ. സി. വൈ. എൽ കടുത്തുരുത്തി ഫൊറോനാ സെക്രട്ടറി പുഷ്പങ്ങൾ നൽകി സ്വീകരിച്ചു. ഫൊറോന പ്രസിഡന്റ് ബിബിൻ പിണ്ടിക്കാനായിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ അതിരൂപതാ ഭാരവാഹികൾക്ക് സ്വീകരണവും ഫൊറോനയുടെ 2012-2013 പ്രവർത്തനകാലഘട്ടത്തിലെ കർമ്മരേഖാ പ്രകാശനവും നിർവ്വഹിക്കപ്പെട്ടു. യുവജനങ്ങളുടെ സാമൂഹ്യ സംസ്കാരത്തിൽ കടന്നുകൂടിയിരിക്കുന്ന മദ്യപാനത്തിന്റെ അതിപ്രസരണം ആശങ്ക ഉളവാക്കുന്നതാണെന്ന് ഉദ്ഘാടന പ്രസംഗത്തിൽ മന്ത്രി അനൂപ് ജേക്കബ് പറഞ്ഞു. ഫൊറോന ചാപ്ലയിൻ ഫാ. ജെയിംസ് വടക്കേകണ്ടംകരി ആമുഖ പ്രഭാഷണവും, പിറവം യൂണിറ്റ് ചാപ്ലയിൻ റവ. ഫാ. ജോസഫ് മുളവനാൽ അനുഗ്രഹ പ്രഭാഷണവും നടത്തി. മുൻ ഫൊറോനാ പ്രസിഡന്റ് അനീഷ് മേപ്പാത്തിൽ ഫൊറോനയുടെ കർമ്മരേഖയുടെ പ്രകാശന കർമ്മം നിർവ്വഹിച്ചു. അതിരൂപതാ പ്രസിഡന്റ് ഷിനോയ് മഞ്ഞാങ്കൽ, അതിരൂപതാ ജനറൽ സെക്രട്ടറി നിധിൻ പുല്ലുകാടൻ എന്നിവർ സംസാരിച്ചു. പിറവം യൂണിറ്റ് പ്രസിഡന്റ് ബെനറ്റ് ചക്കാലക്കൽ സ്വാഗതവും ഫൊറോന സെക്രട്ടറി അജോ കുഴുപ്പിൽ നന്ദിയും പറഞ്ഞു. മന്ത്രി അനൂപ് ജേക്കബിന് പ്രസിഡന്റ് ബിബിൻ പിണ്ടിക്കാനായിൽ ഉപഹാരം സമർപ്പിച്ചു. അതിരൂപതാ ഭാരവാഹികളായ ആഷ്‌ലി അഴകുളം, ഡാരീസ് ജോസഫ് മണലേൽ, ബിനിറ്റ് തെരുവത്ത് എന്നിവർ മുൻ ഫൊറോനാ ഭാരവാഹികളുടെ സമഗ്രമായ നേതൃത്വത്തിന് ഉപഹാരങ്ങൾ സമർപ്പിച്ചു.

രാവിലെ രജിസ്ട്രേഷനുശേഷം പിറവം യൂണിറ്റ് അസിസ്റ്റന്റ് ചാപ്ലയിൻ ഫാ. ജോൺ ഇടഞ്ചിനാൽ പതാക ഉയർത്തിയതോടെ ചടങ്ങിനു തുടക്കമായി. തുടർന്നു ഫൊറോനാ ചാപ്ലയിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയിൽ ഫൊറോനാ യൂണിറ്റ് ഭാരവാഹികൾ കാഴ്ചകളർപ്പിച്ചു. ഉദ്ഘാടനാനന്തരം യുവജനങ്ങളുടെ സാമൂഹ്യ പ്രതിബന്ധതക്കും കർമ്മനിരതക്കും ആക്കം കൂട്ടുവാനുതകുന്ന ‘പ്രഥമരക്ഷാ പരിശീലന കളരി’ പരിപാടിക്ക് ഡോ. ജോ ആൻ ജോസ് നേതൃത്വം നല്കി. വിശദമായ വിശകലനത്താലും മാതൃകാ പ്രദർശനത്താലും പരിശീലക യുവജനങ്ങൾക്ക് പ്രഥമരക്ഷ കൊടുക്കുന്നതിന്റെ ആവശ്യകതയും കൊടുക്കുന്ന മാർഗ്ഗങ്ങളും വ്യക്തമാക്കിക്കൊടുത്തു.

ഉച്ചഭക്ഷണത്തിനു ശേഷം പ്രശസ്ത ധ്യാനഗുരുവും കപ്പൂച്ചിൻ സഭാ സമൂഹാംഗവുമായ ഫാ. ജോസഫ് പുത്തൻപുരയുടെ നേതൃത്വത്തിൽ ചർച്ചയും സെമിനാറും നടന്നു.

ഫൊറോനാ ഭാരവാഹികളായ റെനി ചേന്നാട്, ലൂലി പൂച്ചകണ്ടം, റെനി അരയത്ത്, സിസ്റ്റർ ബെസി എസ്. ജെ.സി., ഡയറക്ടർ ജയിംസ് മണ ലേൽ, അജിത് വെള്ളപ്പള്ളിൽ, റൊ മീലാ ചേന്നാട്, നീതു ചേന്നാട്, സിസ്റ്റർ നീനാ എസ്.ജെ.സി. യൂണിറ്റ് ഡയറക്ടർ ഡോ.ബെന്നി കാവനാൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.

# കുട്ടികളുടെ സമഗ്രവളർച്ച നാടിന്റെ സമ്പത്ത്: സുരേഷ് കുറുപ്പ് എം. എൽ. എ



കോട്ടയം: കുട്ടികളുടെ സമഗ്രവളർച്ച നാടിന്റെ സമ്പത്താണെന്ന് സുരേഷ് കുറുപ്പ് എം.എൽ.എ. കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച സ്മാർട്ട് പ്ലസ് ക്യാമ്പ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരിന്നു അദ്ദേഹം. കുട്ടികളുടെ വളർച്ചക്ക് സമസ്ത മേഖലയിലുമുള്ള പുരോഗതി അനിവാര്യമാണെന്നും ലഭ്യമാകുന്ന അവസരങ്ങൾ ഫലപ്രദമായി വിനിയോഗിക്കുമ്പോഴാണ് ജീവിതത്തിൽ വിജയം വരിക്കാൻ സാധിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ചടങ്ങിൽ കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, അസി. സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, ജയ്സൺ ആലപ്പാട്ട്, ബിബിൻ തോമസ്, അഞ്ജു മാത്യു, ബിന്റാ കുര്യാക്കോസ്, സെബിൻ ജോസഫ് എന്നിവർ പ്രസംഗിച്ചു.

സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്മാർട്ട് ഗ്രൂപ്പിൽ അംഗങ്ങളായിരുന്നവരും നിലവിൽ പ്ലസ് വൺ, പ്ലസ് ടുവിന് പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കായി കെ.എസ്.എസ്.എസും ഏറ്റുമാനൂർ ഐക്കരതുണ്ടത്തിൽ കുടുംബവും സംയുക്തമായി സഹകരിച്ചാണ് സ്മാർട്ട് പ്ലസ് പദ്ധതി സംഘടിപ്പിക്കുന്നത്. ക്യാമ്പിനോടനുബന്ധിച്ച് വ്യക്തിത്വ വികസനം, മൂല്യാധിഷ്ഠിത ജീവിതം, കരിയർ ഗൈഡൻസ് എന്നീ വിഷയങ്ങളിൽ വിദഗദ്ധർ ക്ലാസുകൾ നയിച്ചു. കൂടാതെ കുട്ടികളുടെ കലാപരിപാടികളും നടത്തപ്പെട്ടു. പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പും ലഭ്യമാക്കിവരുന്നു. 40 വിദ്യാർത്ഥികൾ ക്യാമ്പിൽ പങ്കെടുത്തു.

# കുമരകം വള്ളാറപ്പള്ളിയിൽ തിരുനാൾ

കുമരകം:വള്ളാറപ്പള്ളിയിൽ വി. യോഹന്നാൻ നെപുംസ്യാനോസിന്റെ മരണത്തിരുനാളും അമലോത്ഭവ മാതാവിന്റെ ദർശനത്തിരുനാളും മെയ് 12ന് വികാരി ഫാ. സാബു മാലിത്തുരുത്തേൽ കൊടിയേറ്റിയതോടെ ആരംഭിച്ചു. വൈകുന്നേരം 6.30ന് സൺഡേ സ്കൂളിന്റെയും ഭക്തസംഘടനകളുടെയും വാർഷികവും കലാസന്ധ്യയും നടന്നു. ഇന്ന് രാവിലെ ഏഴിനും 9.30നും കുർബാന. മോൺ. ജേക്കബ് വെള്ളിയാൻ സുറിയാനി കുർബാന അർപ്പിക്കും. രാത്രി എട്ടിന് ഗാനസന്ധ്യയും സ്നേഹ വിരുന്നും. നാളെ മലങ്കര റീത്തിൽ വിശുദ്ധ കുർബാന, പ്രസംഗം. ഫാ. ലൂക്ക് രാമച്ചനാട്ട്. നൊവേന. വൈകിട്ട് 5.30ന് ചന്തക്കവലയിലെ കുരിശു പള്ളിയിൽ വാദ്യമേളം. 8.15ന് വേസ്പര തുടർന്നു കരിമരുന്നു കലാപ്രകടനം.

15ന് രാവിലെ 7ന് വി. കുർ ബാന, 10ന് റാസ മുഖ്യകാർമികൻ ഫാ. തോമസ് കരിമ്പുംകാലയിൽ, സന്ദേശം ഫാ. ജേക്കബ് കറുപ്പിനകത്ത്, തുടർന്ന് പ്രദക്ഷിണം കാർമികൻ ഫാ. ജോപ്പൻ ചെത്തിക്കുന്നേൽ. കുർബാനയുടെ ആശീർവാദം ഫാ. തോമസ് ആദോപ്പള്ളിൽ. 16ന് രാവിലെ 6.30ന് മരിച്ചവർക്കുവേണ്ടി കുർബാന, സിമിത്തേരി സന്ദർശനം ഫാ. മാത്യു തുണ്ടിയിൽ. ഒമ്പതിന് ഇടവകയിലെ സമർപ്പിതരുടെ കൂട്ടായ്മയോടെ തിരുനാൾ സമാപിക്കും.

ക്നാനായ വോയ്സ്
എല്ലാ ഞായറാഴ്ചയും നിങ്ങളുടെ ഇ-മെയലിൽ ലഭിക്കുവാൻ
news@knanayavoice.com എന്ന അഡ്രസ്സിൽ എഴുതുക.
പ്രസിദ്ധീകരണ യോഗ്യമായ വാർത്തകളും വിശേഷങ്ങളും
kvoicenews@gmail.com എന്ന അഡ്രസ്സിലേക്ക് അയച്ചു തരിക.

കണ്ണമ്പള്ളിൽ
ഫോട്ടോസ് & വീഡിയോസ്
ഏറ്റുമാനൂർ
Ph: 9447475735

# സംക്രാന്തി പള്ളിയിൽ കൂടാര യോഗ വാർഷികവും ഇടവകദിനാ ഘോഷവും നടത്തി



കോട്ടയം: നാം കണ്ടുമുട്ടുന്ന ഏവരിലും ക്രിസ്തുച്ഛായ ദർശിക്കുമ്പോഴാണ്, അവന്റെ ആവശ്യം പരിഗണിക്കാൻ കഴിയുമ്പോഴാണ്, അവനെ സഹായിക്കാൻ സന്നദ്ധരാകുമ്പോഴാണ്, നാം ക്രിസ്തുവിന്റെ അനുയായികളാവുക എന്ന് ധനകാര്യമന്ത്രി കെ.എം. മാണി പറഞ്ഞു. ഇടവകദിനാഘോഷങ്ങൾ വിശ്വാസത്തിൽ ആഴപ്പെടുന്നതിനും കൂട്ടായ്മ വർദ്ധിപ്പിക്കുന്നതിന് സഹായിക്കുമെന്നും പറഞ്ഞു.

സംക്രാന്തി ലിറ്റിൽ ഫ്ളവർ ഇടവകയിലെ കൂടാരയോഗവാർഷികവും ഇടവകദിനാഘോഷവും സംക്രാന്തി ലിറ്റിൽ ഫ്ളവർ വിശ്വാസ പരിശീലനകേന്ദ്രത്തിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കൂടാരയോഗം പ്രസിഡന്റ് രാജു ആലപ്പാട്ട് അധ്യക്ഷത വഹിച്ചു.

ചടങ്ങിൽ മുൻ വികാ രിയും ജൂബിലേറിയനുമായ ഫാ. സൈമൺ ഊരാളിയെ ആദരിച്ചു. ഫാ. സജി മെത്താനത്ത്, മുൻ എം. എൽ.എ. തോമസ് ചാഴികാടൻ, മുനിസിപ്പൽ കൗൺസിലർ എം.എ. ഷാജി, തോമസ് കുന്നുമാം തൊട്ടിയിൽ, മേഴ്സി സ്റ്റീഫൻ തുരു ത്തിക്കാട്ട് എന്നിവർ പ്രസംഗിച്ചു. ഫാ. ബിജു മാളിയേക്കലിന്റെ മുഖ്യ കാർമ്മികത്വത്തിൽ സമൂഹബലി നടുന്നു. തദവസരത്തിൽ സൺഡേ സ്കൂൾ കുട്ടികളുടെ മാർഗ്ഗംകളി അരങ്ങേറ്റവും കലാപരിപാടികളും നടത്തപ്പെട്ടു

# കിസ്സാൻ ജ്യോതി അവാർഡ് 2012, അപേക്ഷകൾ ക്ഷണിക്കുന്നു

കണ്ണൂർ: കാർഷിക സംസ്ക്കാരം വളർത്തുക, ജൈവകാർഷിക രീതി പ്രോത്സാഹിപ്പിക്കുക, ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടുകൂടി കോട്ടയം അതിരൂപതയുടെ സാമൂഹിക സേവന പ്രസ്ഥാനമായ മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി കണ്ണൂർ, കാസർഡോഗ്, വയനാട്, പാലക്കാട് ജില്ലകളിൽ നിന്നായി കഴിഞ്ഞ 10 വർഷമായി കാർഷിക മേഖലയിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച കർഷകരിൽനിന്നും അവാർഡിനായി അപേക്ഷകൾ ക്ഷണിക്കുന്നു. 20,000 രൂപയും പ്രശസ്തി പത്രവും അടങ്ങുന്ന അവാർഡ്, 2012 നവംബർ മാസത്തിൽ കണ്ണൂരിൽ വച്ച് നടക്കുന്ന കാർഷിക സംഗമത്തിൽവച്ച് വിതരണം ചെയ്യും. അവാർഡിനായി പരിഗണിക്കപ്പെടുവാൻ ആഗ്രഹിക്കുന്ന കർഷകർ 2012 ജൂലായ് മാസം 31 ന് മുൻപായി വിശദവിവരങ്ങൾ അടങ്ങിയ അപേക്ഷ താഴപ്പറയുന്ന വിലാസത്തിൽ നൽകുക. കാർഷിക മേഖലയിൽ മുൻപ് ലഭിച്ച അവാർഡ്, പ്രശസ്തിപത്രം, അംഗീകാരം എന്നിവയുടെ പകർപ്പുകൂടി അയക്കുക. വിലാസം: ഡയറക്ടർ, കിസ്സാൻ ജ്യോതി അവാർഡ്, മലബാർ സോഷ്യൽ സർവ്വിസ് സൊസൈറ്റി, ശ്രീപുരം, പള്ളിക്കുന്ന് പി.ഒ, കണ്ണൂർ 670004

# കെ.എസ്.എസ്.എസ് മാതൃദിനാഘോഷം വിപുലമായി ആഘോഷിച്ചു

കോട്ടയം: അന്താരാഷ്ട്ര മാതൃദിനമായ മെയ് 13 ന് മുന്നോടിയായി കോട്ടയം അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ കെ.എസ്.എസ്സിന്റെ നേതൃത്വത്തിൽ വിപുലമായ പരിപാടികളോടെ മാതൃദിനാഘോഷം സംഘടിപ്പിച്ചു. വിവിധ ശാരീരിക മാനസിക വൈകല്യമുള്ള കുട്ടികളുടെ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി കെ.എസ്.എസ്.എസ് നടപ്പിലാക്കുന്ന സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതിയിൽ അംഗങ്ങളായ കുട്ടികളുടെ അമ്മമാരെ സംഘടിപ്പിച്ചുകൊണ്ട് തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച മാതൃദിനാഘോഷത്തിന്റെ ഉദ്ഘാടനം കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൻ.എം. ഐഷാ ഭായി നിർവ്വഹിച്ചു.

ചടങ്ങിൽ കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, ചേർപ്പുങ്കൽ അഗാപ്പെ ഡെകെയർ സെന്റർ പ്രിൻസിപ്പിൽ സിസ്ററർ ലൂട്സി എസ്.വി.എം, ശ്യാമള ബാലകൃഷ്ണൻ, ഷൈലാ തോമസ്, മേരി ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു. തുടർന്ന് വിവിധ മത്സരങ്ങളും കലാപരിപാടികളും സംഘടിപ്പിച്ചു.

# മള്ളൂശ്ശേരിയിൽ സംഘടനകളുടെ വാർഷികവും ഇടവകദിനവും ആഘോഷിച്ചു



മള്ളൂശ്ശേരി: സെന്റ് തോമസ് ഇടവക ദേവാലയത്തിലെ കൂടാരയോഗത്തിന്റെയും മറ്റ് സംഘടനകളുടെയും വാർഷികവും ഇടവകദിനവും സംയുക്തമായി ആഘോഷിച്ചു. ഇടവക വികാരി റവ. ഡോ. ജോൺ ചേന്നാകുഴിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം കോട്ടയം അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ ഉദ്ഘാടനം ചെയ്തു. കൂടാരയോഗം പ്രസിഡന്റ് ജോസ്മോൻ പുഴക്കരോട്ട് സ്വാഗതവും, കുടുംബയോഗം പ്രസിഡന്റ് ജോസ് സിറിയക്ക് മഴുവഞ്ചേരി ആശംസയും, മതബോധന പ്രതിനിധി ജോബി ജോസ് എഴുമാമറ്റം നന്ദിയും പറഞ്ഞു.

പൗരോഹിത്യ ത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന കൊച്ചുപിതാവിനെ ഇടവക വികാരി പൊന്നാട അണിയിച്ച് ആദരിച്ചു. വിവിധ സംഘടനകളുടെ റിപ്പോർട്ട് അവതരിപ്പിക്കുകയും കലാപരിപാടികൾ നടത്തുകയും ചെയ്തു. സ്നേഹ വിരുന്നോടുകൂടി ആഘോഷം സമാപിച്ചു.

## ഈ ആഴ്ചയിലെ കാർട്ടൂൺ




# സിറിയൻ ക്നാനായ സംഗമം ചിങ്ങവനത്ത്; ഇന്ന് സമാപനം

കോട്ടയം: ക്നാനായ കോൺഗ്രസ് വാർഷിക സമ്മേളനവും സിറിയൻ ക്നാനായ വാർഷിക സംഗമവും ചിങ്ങവനം സെന്റ് ജോൺസ് ദയറാ പള്ളിയിലെ മാർ ക്ലിമ്മീസ് നഗറിൽ വെള്ളിയാഴ്ച ക്നാനായ കോൺഗ്രസ് പ്രസിഡന്റ് ഫാ. ജേക്കബ് കല്ലുകളം പതാക ഉയർത്തിയതോടെ ആരംഭിച്ചു.

തുടർന്ന് വൈകിട്ട് മൂന്നിന് ജേസീസ് നാഷണൽ പരിശീലകൻ കൃഷ്ണകുമാറിന്റെ നേതൃത്വത്തിലുള്ള കരിയർ ഗൈഡൻസ് സെമിനാർ വികാരി ജനറാൾ റവ. ഫാ. പ്രസാദ് കുരുവിള ഉദ്ഘാടനം ചെയ്തു.

5.45 ന് വാർഷിക സംഗമം മന്ത്രി കെ.എം. മാണി ഉദ്ഘാടനം ചെയ്തു. കുര്യാക്കോസ് മാർ ഗ്രിഗോറിയോസ് അധ്യക്ഷത വഹിച്ചു. മന്ത്രി കെ.സി. ജോസഫ് മുഖ്യാതിഥി ആയിരുന്നു. ആർച്ച് ബിഷപ്പ് കുര്യാക്കോസ് മാർ സേവേറിയാസ് വലിയ മത്രാപ്പോലീത്ത, ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത, ഡോ. തോമസ് മാർ തിമോത്തിയോസ് തുടങ്ങിയവർ അനുഗ്രഹ പ്രഭാഷണം നടത്തി. കലാമത്സരങ്ങളുടെ ഉദ്ഘാടനം ചലച്ചിത്രതാരം കൈലാഷ് നിർവ്വഹിച്ചു.

ഇന്നലെ ഉച്ചയ്ക്ക് ക്നാനായ യുവപ്രതിഭാ മത്സരം ചിറ്റയം ഗോപകുമാർ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. വൈകിട്ട് നടന്ന സാംസ്കാരിക സമ്മേളനം കേന്ദ്രമന്ത്രി വയലാർ രവി ഉദ്ഘാടനം ചെയ്തു. കുര്യാക്കോസ് മാർ ഇവാനിയോസ് അധ്യക്ഷത വഹിച്ചു. മന്ത്രി കെ. ബാബു മുഖ്യാതിഥി ആയിരുന്നു. എൻ.എസ്.എസ്. പ്രസിഡന്റ് പി.എൻ. നരേന്ദ്രനാഥൻ നായർ മുഖ്യപ്രഭാഷണം നടത്തി.

ഇന്ന് രാവിലെ 11 മണിക്ക് നടക്കുന്ന യുവപ്രതിഭാ മത്സരത്തിലെ അവസാന ഘട്ടം ഗവ. ചീഫ് വിപ്പി. പി.സി. ജോർജ് ഉദ്ഘാടനം ചെയ്യും. കോട്ടയം നഗരസഭാധ്യക്ഷൻ സണ്ണി കല്ലൂർ മുഖ്യാതിഥി ആയിരിക്കും.

വൈകിട്ട് 5.45 ന് സിറിയൻ ക്നാനായ വാർഷിക സംഗമം സമാപന സമ്മേളനം മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്യും. കുര്യാക്കോസ് മാർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത അധ്യക്ഷത വഹിക്കുമെന്ന് ക്നാനായ കോൺഗ്രസ് പ്രസിഡന്റ് ഫാ. ജേക്കബ് കല്ലുകുളം, ജനറൽ സെക്രട്ടറി സ്മിജു ജേക്കബ് മറ്റയ്ക്കാട്ട്, ജനറൽ കൺവീനർ ടിനോ കെ. തേമസ് എന്നിവർ അറിയിച്ചു.

ക്നാനായ വോയ്സ്
VOICE OF THE KNANAYA PEOPLE AROUND THE WORLD
ESTD: 2008
www.knanayavoice.com
Published by: Knanayavoice, 2634, Golf Rd. (Golf/Washington), Glenview, IL-60025

## മാതൃത്വത്തിന് പ്രണാമം

69 കുഞ്ഞുങ്ങൾക്ക് ജൻമം നൽകിയ റഷ്യക്കാരി വസിലെ്യവും, 70 വയസ്സിൽ ഇരട്ട കുട്ടികൾക്ക് ജൻമം നൽകിയ ഇന്ത്യക്കാരി ഓംകാരി പനവാരും, 8 കുഞ്ഞുങ്ങൾക്ക് ഒരു പ്രസവത്തിലൂടെ ജൻമമേകിയ അമേരിക്കകാരി നാദിയ സുലൈമാനും, 5 വയസ്സിൽ അമ്മയായ പെറു സ്വദേശി ലീന മേദീനയും ഒരിക്കൽ പോലും പ്രസവിക്കാതെ ലോകത്തിനു മുഴുവൻ അമ്മയായി മാറിയ മദർ തെരേസയും ഉൾപ്പെടെ ശരീരം കൊണ്ടും കർമ്മം കൊണ്ടും അമ്മമാരായി മാറിയ മുഴുവൻ പുണ്യ ജൻമങ്ങൾക്കും ക്നാനായ വോയ്സിന്റെ മാതൃദിന ആശംസകൾ.

ഒരു കുഞ്ഞിന്റെ ജൻമ ദിനം ആഘോഷിക്കുന്ന ദിനം അവന്റെ അമ്മ ജീവിതത്തിൽ അനുഭവിച്ച കഠിനമായ വേദനകളുടെ വാർഷികം കൂടെ ആണെന്നത് നാം ഓർക്കാറേ ഇല്ല. കുഞ്ഞിന്റെ പുഞ്ചിരിക്കു മുൻപിൽ സകല നൊമ്പരങ്ങളും മറക്കാൻ കഴിയുന്ന ദൈവീകമായ, അസാമാന്യമായ ആ കഴിവ് തന്നെയാണ് പലപ്പോളും പ്രതിസന്ധികളിൽ കുടുംബത്തിന്റെ നട്ടെല്ലാകുവാൻ അവർക്ക് കഴിവ് നൽകുന്നതും. കാര്യമായ വിദ്യഭ്യാസമോ ലോക പരിചയമോ ഇല്ലെങ്കിലും പറമ്പിലെ കപ്പളങ്ങയും താളി തണ്ടും കറിയാക്കി മാറ്റിയും ഉണങ്ങി വീഴുന്ന ചുള്ളിക്കമ്പുകൾ പെറുക്കി തീ കത്തിച്ചും ചെലവ് ചുരുക്കി അരി പാത്രത്തിൽ ഒളിപ്പിച്ചു വച്ച പണം കൊണ്ട് അവശ്യ ഘട്ടങ്ങളിൽ സാമ്പത്തികമായും കുടുംബത്തിനു താങ്ങാകുന്ന പണ്ടത്തെ അമ്മച്ചിമാരുടെ മെയ് വഴക്കം കണ്ടു പഠിച്ചാൽ ഇന്നത്തേ മൾടി ടാസ്ക് ഒക്കെ നമുക്ക് പുല്ലു പോലെ ചെയ്യാൻ കഴിയും. പ്രിയപ്പെട്ടവർക്ക് വേണ്ടി എന്തും സഹിക്കാനുള്ള അമ്മ മനസ്സ് കൂടെ ഉണ്ടാകണം എന്ന് മാത്രം.

ജൻമം നൽകിയ മാതാപിതാക്കളും ആദ്യാക്ഷരം ചൊല്ലി തന്ന ഗുരുക്കൻമാരും ആണ് കാണപ്പെടുന്ന ദൈവങ്ങൾ എന്ന് പഠിപ്പിച്ച ഭാരതീയ സംസ്കാരം നമ്മുടെ കുടുംബ വ്യവസ്ഥിതികളിൽ ചെലുത്തിയ സ്വാധീനം വളരെ വലുതാണ്. മാതാപിതാക്കളെയും കുടുംബത്തെയും അനുസ്മരിക്കാൻ നമുക്ക് പ്രത്യേകിച്ച് ഒരു ദിവസത്തിന്റെ ആവശ്യം ഇല്ല എന്ന് വിശ്വസിക്കപ്പെടുന്നു. മാതാപിതാക്കളെ നഴ്സിംഗ് ഹോമിലും മക്കളെ അവരുടെ വഴിക്കും വിട്ടിട്ടു പട്ടികളെയും പൂച്ചകളെയും വളർത്തുന്ന പാശ്ചാത്യ സംസ്കാരത്തിൽ പെറ്റമ്മയെ ഓർമ്മിക്കാൻ വർഷത്തിൽ ഒരു ദിവസം എങ്കിലും ഒഴിച്ചിട്ടത് വലിയ കാര്യം തന്നെ. എങ്കിലും ലോകം ഒരു ഗ്ലോബൽ വില്ലജ് ആവുകയും ഭാരതീയർ ലോകത്തിന്റെ പല ഭാഗങ്ങളിലേക്ക് കുടിയേറുകയും ചെയ്തതോടെ നമ്മുടെ സംസ്കാരത്തിന് വിപരീതമായ കാര്യങ്ങൾ നമുക്കിടയിലും സംഭവിക്കുന്നുണ്ട്. വിവാഹം വേണ്ടെന്നും കുട്ടികൾ വേണ്ടെന്നും ഒക്കെ ചിന്തിക്കുന്ന ചെറുതല്ലാത്ത ഒരു വിഭാഗം നമുക്കിടയിലും ഉണ്ട്. അവർക്കും ഒരു പ്രചോദനം ആകട്ടെ ഈ ദിവസം.

ഈ ദിവസത്തിന്റെ ബിസിനസ് സാദ്ധ്യതകൾ ആണ് മാതൃദിനത്തെയും സജീവമാക്കുന്നത് എന്ന് കൂട്ടത്തിൽ പറയാതെ വയ്യ. മാതൃദിനം എന്ന ആശയത്തിന്റെ ആദ്യ പ്രചാരകയായ അന്ന ജർവിസ് എന്ന ഫിലാഡൽഫിയക്കാരി പ്രസ്തുത ദിവസത്തിന്റെ പേരിൽ നടക്കുന്ന കച്ചവടങ്ങൾക്കെതിരേ കോടതി കയറിയത് ചരിത്രത്തിന്റെ വികൃതി.

എന്ത് തന്നെ ആയാലും മാതാപിതാക്കളോടുള്ള സ്നേഹവും പരിചരണവും ജീവിതം കൊണ്ട് തിരിച്ചു നല്കാൻ കടപ്പെട്ടവരാണ് നമ്മൾ, മാതൃത്വത്തെ പ്രത്യേകമായി ഓർമിക്കാനും ആദരിക്കാനും ഉള്ള ഈ ദിവസത്തെയും ആത്മാർഥമായി തന്നെ വിനിയോഗിക്കം.

പത്രാധിപസമിതിക്കു വേണ്ടി, ലിൻസൺ കൈതമലയിൽ

# കാഞ്ഞങ്ങാട്ട് പള്ളി പണി പൂർത്തിയാക്കാൻ സഹായം അഭ്യർഥിക്കുന്നു




കാസർഗോഡ്: കാഞ്ഞങ്ങാട്ടും പരിസര പ്രദേശങ്ങളിലും താമസിക്കുന്ന ഏകദേശം നാല്പതോളം ക്നാനായ കത്തോലിക്കരുടെ ചിരകാല അഭിലാഷമാണ് കാഞ്ഞങ്ങാട്ട് ഒരു ദേവാലയം എന്നത്. ഏതാണ്ട് 50 വർഷത്തോളമായി കാഞ്ഞങ്ങാട്ട്, നീലേശ്വരം പ്രദേശത്തു താമസിച്ചു വരുന്ന ക്നാനായ മക്കൾ തങ്ങളുടെ ആത്മീയ കാര്യങ്ങൾ നിർവഹിച്ചിരുന്നത് കാഞ്ഞങ്ങാട്ടുള്ള തലശ്ശേരി അതിരൂപതയുടേയും, കണ്ണൂർ രൂപതയുടേയും പള്ളികളുമായി ബന്ധപ്പെട്ടാണ്. എന്നാൽ ക്നാനായക്കാരുടെ സ്വന്തമായ പാരമ്പര്യങ്ങളും ഊഷ്മളമായ ബന്ധങ്ങളും നിലനിർത്താൻ ഒരു ഇടവക ദേവാലയം കൂടിയേതീരു എന്ന ശക്തമായ ആഗ്രഹം മൂലം 40 കുടുംബങ്ങളുടെ പൂർണ്ണ പിന്തുണയോടും ബന്ധുമിത്രാദികളുടേയും അഭ്യുദയകാംക്ഷികളുടേയും ഒക്കെ സഹകരണം പ്രതീക്ഷിച്ചു കൊണ്ടും, പ്രാർത്ഥനയിൽ ആശ്രയിച്ചും ഒരു ഇടവക ദേവാലയം നിർമ്മിക്കാൻ ഒരു വർഷം മുമ്പ് തീരുമാനിക്കുകയും അഭി. ജോസഫ് പണ്ടാരശ്ശേരിൽ പിതാവ് അതിന് തറക്കല്ലിടുകയും ചെയ്തു. പള്ളിയും വൈദിക മന്ദിരവും വിശ്വാസ പരിശീലനഹാളും ഉൾപ്പെടുന്ന 9750 സ്ക്വയർ ഫീറ്റ് പണികൾക്കുള്ള പ്ലാനാണ് തയ്യാറാക്കിയിരിക്കുന്നത്. അതിൽ 660 സ്ക്വയർ ഫീറ്റ് മാത്രമാണ് ഇപ്പോൾ പണിയാൻ ഉദ്ദേശിക്കുന്നത്. ഇതിൽ ഏതാണ്ട് പകുതിയോളം പണി ഇടവകാംഗങ്ങളുടെ സഹകരണത്തോടെ പൂർത്തിയാക്കാൻ സാധിച്ചു. അവശേഷിക്കുന്ന പണി പൂർത്തിയാക്കാൻ ഇടവകാംഗങ്ങളെ കൊണ്ടു മാത്രം സാധിക്കുകയില്ലാത്തിതിനാൽ ഈ സമൂഹത്തിന്റെ ചിരകാല അഭിലാഷം പൂർത്തീകരിക്കാൻ നിങ്ങളുടെ അകമഴിഞ്ഞ സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

പള്ളിയുടെ അക്കൗണ്ട് നമ്പർ: 0632053000001075, സൗത്ത് ഇന്ത്യൻ ബാങ്ക്, കാഞ്ഞങ്ങാട് ബ്രാഞ്ച്. (IFSC: SIBL0000632)

ഫോറിൻ മണി ട്രാൻസ്ഫർ: മാർ മാത്യു മൂലക്കാട്ട്, സൗത്ത് ഇന്ത്യൻ ബാങ്ക് കണ്ണൂർ (0133053000001328)

ട്രസ്റ്റിമാർ: സി. കുര്യൻ, ചക്കാലക്കുന്നേൽ, കെ. കെ. ഡോമി, കുന്നക്കാട്ട്തടത്തിൽ. Email: binu.kora@gmail.com, ckuriyan@yahoo.com

# ജീവോത്സവം: രാജപുരം ഫൊറോനക്ക് റാലിയിൽ സമ്മാനം




കാസർഗോഡ്: ദീപിക ശതോത്തര രാജതജൂബിലി ജീവോത്സവം കാഞ്ഞങ്ങാട് നടന്നു. കാഞ്ഞങ്ങാട് ടൗണിൽ നടന്ന റാലിയിൽ ആയിരങ്ങൾ അണിനിരന്നു. നല്ലറാലിക്കുള്ള സമ്മാനം രാജപുരം ഫൊറോനക്ക് ലഭിച്ചു. ഫൊറോന വികാരി ഫാ. ജോസ് കടവിൽ ചിറയിൽ ട്രോഫി ഏറ്റുവാങ്ങി. മാർ ജോർജ് വലിയമറ്റം അധ്യക്ഷതവഹിച്ചു. കേന്ദ്ര സർവകലാശാല വൈസ്ചാൻസിലർ ഡോ. ജാൻസി ജയിംസ് ഉദ്ഘാടനം ചെയ്തു. ഇ. ചന്ദ്രശേഖരൻ എം.എൽ.എ, ശ്യാമളാദേവി, ഹസീന സാജുദ്ദീൻ, ഫാ.ജോസ് നെല്ലിക്കാതെരുവിൽ എന്നിവർ പ്രസംഗിച്ചു.

# ജോർജ് ജോസഫിന് ബാബു ചാഴികാടൻ സ്മാരക മാധ്യമ പ്രതിഭാ പുരസ്കാരം



ചിക്കാഗോ: കേരളത്തിലെ രാഷ്ട്രീയ സാമൂഹ്യ മാധ്യമ മേഖലയിൽ നിറസാന്നിദ്ധ്യമായിരുന്ന ബാബു ചാഴികാടന്റെ സ്മരണക്ക് ചിക്കാഗോ ആസ്ഥാനമായി പ്രവർത്തിക്കുന്ന ബാബു ചാഴികാടൻ ഫൗണ്ടേഷൻ ഓഫ് നോർത്ത് അമേരിക്ക ഏർപ്പെടുത്തിയ മാധ്യമ പ്രതിഭാ പുരസ്കാരത്തിന് മലയാളം പത്രം സീനിയർ എഡിറ്റർ ജോർജ് ജോസഫ് അർഹനായി. ആയിരം ഡോളർ സമ്മാനത്തുകയും പ്രശംസാ പത്രവുമടങ്ങുന്നതാണ് പുരസ്കാരം. ഫൗണ്ടേഷൻ ട്രഷററും, പ്രമുഖ വ്യവസായിയും, ഗ്യാസ് ഡിപ്പോ സി.ഇ.ഒയുമായ ജോയി നെടിയകാലായിലാണ് അവാർഡ് സ്പോൺസർ.

ബാബു ചാഴികാടൻ ഫൗണ്ടേഷന്റെ രണ്ടാമത് മാധ്യമ പുരസ്കാര ജേതാവാണ് ജോർജ് ജോസഫ്. മലയാളം പത്രം എഡിറ്റർ ടാജ് മാത്യുവിനായിരുന്നു ആദ്യത്തേത്.

പത്രപ്രവർത്തനരംഗത്ത് മൂന്നു പതിറ്റാണ്ടിലേറെ അനുഭവ സമ്പത്തുള്ള ജോർജ് ജോസഫ് പതിനേഴ് വർഷക്കാലം മലയാള മനോരമ പത്രാധിപസമിതി അംഗമായിരുന്നു. മനോരമയുടെ ബോംബെ ലേഖകനായി പ്രവർത്തിച്ചു. മദ്രാസിലെ യുണൈറ്റഡ് സ്റേറ്റ്സ് ഇൻഫർമേഷൻ സർവീസിൽ (യു.എസ്.ഐ.എസ്) എഡിറ്ററായിരിക്കെയാണ് അമേരിക്കയിലെത്തുന്നത്. കേരള യൂണിയൻ ഓഫ് വർക്കിംഗ് ജേർണലിസ്റ്റിന്റെ സ്റ്റേറ്റ് വൈസ് പ്രസിഡന്റും കോട്ടയം പ്രസ്ക്ലബ് പ്രസിഡന്റുമായിരുന്നു. വടക്കേ അമേരിക്കയിലെ മലയാള മാധ്യപ്രവർത്തകരുടെ കൂട്ടായ്മക്കും, അതിലൂടെയുള്ള ഈ മേഖലയുടെ വളർച്ചക്കും കാരണമായ ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ സ്ഥാപക പ്രസിഡന്റുമാണ്. ഇന്ത്യ എബ്രോഡിന്റെ ഡപ്യൂട്ടി മാനേജിംഗ് എഡിറ്ററായും പ്രവർത്തിക്കുന്ന ജോർജ് ജോസഫിന് മികച്ച റിപ്പോർട്ടിംഗിനുള്ള സൗത്ത് ഏഷ്യൻ ജേർണലിസ്റ്റ് അസോസിയേഷൻ അവാർഡ് ലഭിച്ചിട്ടുണ്ട് ഭാര്യ സജി. മക്കൾ: ഏമി, മിന്ന.

അമേരിക്കൻ മലയാളി സമൂഹത്തിൽ വിവിധ നിലകളിൽ പ്രവർത്തിക്കുന്നവർക്കിടയിൽ നടത്തിയ അഭിപ്രായ വോട്ടെടുപ്പിലൂടെയാണ് പുരസ്കാര ജേതാവിനെ തെരഞ്ഞെടുത്തതെന്ന് ബാബു ചാഴികാടൻ ഫൗണ്ടേഷൻ പ്രസിഡന്റ് ജോസ് കണിയാലി അറിയിച്ചു. വാർത്താ സംഭരണത്തിലും, വിതരണത്തിലും പുലർത്തുന്ന നിഷ്പക്ഷത, പോസിറ്റീവ് മനോഭാവം, വാർത്തകൾ തയ്യാറാക്കുന്നതിലെ പ്രത്യേക വൈഭവം തുടങ്ങിയവ ജോർജ് ജോസഫിന്റെ ഗുണങ്ങളായി അഭിപ്രായ വോട്ടെടുപ്പിൽ പങ്കെടുത്തവർ ചൂണ്ടിക്കാട്ടി.

മാധ്യമ പ്രതിഭാ പുരസ്കാരത്തിന് അർഹനായ ജോർജ് ജോസഫിനെ ബാബു ചാഴികാടൻ ഫൗണ്ടേഷന്റെ രക്ഷാധികാരിയായ ധനകാര്യമന്ത്രി കെ.എം. മാണിയും ഉപരക്ഷാധികാരി മുൻ എം.എൽ.എ. തോമസ് ചാഴികാടനും അഭിനന്ദിച്ചു.

ഫൗണ്ടേഷൻ പ്രസിഡന്റ് ജോസ് കണിയാലിയുടെ അധ്യക്ഷതയിൽ ചേർന്ന ഡയറക്ടർ ബോർഡ് യോഗം ചിക്കാഗോയിൽവച്ച് നടത്തപ്പെടുന്ന അവാർഡുദാന ചടങ്ങിനെക്കുറിച്ചുള്ള വിശദാംശങ്ങൾ ചർച്ച ചെയ്തു. ജോർജ് തോട്ടപ്പുറം, ചാക്കോ മറ്റത്തിപ്പറമ്പിൽ, ജോയി നെടിയകാലായിൽ, ജോർജ് നെല്ലാമറ്റം, സണ്ണി ഇണ്ടിക്കുഴി, ജീനോ കോതാലടിയിൽ, അഡ്വ. സാജു കണ്ണമ്പള്ളി, തമ്പി ചെമ്മാച്ചേൽ, ഡെന്നി ഊരാളിൽ, പീറ്റർ ചാഴികാട്ട്, ജസ്റ്റിൻ ചാമക്കാല, ബാബു പടവത്തിൽ, തമ്പി ചാഴികാട്ട് എന്നിവരുടെ നേതൃത്വത്തിൽ വിവിധ സബ് കമ്മറ്റികൾക്ക് രൂപം നൽകി.

# ഹ്യൂസ്റ്റൺ സെന്റ് മേരീസ് ദേവാലയത്തിൽ വി. മിഖായേൽ മാലാഖയുടെ തിരുനാൾ കൊണ്ടാടി

ഹ്യൂസ്റ്റൺ: വി. മിഖായേൽ മാലാഖയുടെ തിരുനാൾ ഹ്യൂസ്റ്റൺ സെന്റ് മേരീസ് ക്നാനായ ദേവാലയം ഭക്തിനിർഭരമായി ആ ചരിച്ചു. മെയ് 6 ഞായറാഴ്ച രാവി ലെ 9.30ന് റവ: ഫാ. സണ്ണി പ്ലാമ്മൂട്ടിൽ (വികാരി, ഹോളി ഫാമിലി ചർച്ച്, മിസ്സോറി സിറ്റി.) തിരുനാൾ കർമ്മങ്ങൾക്ക് കാർമികത്വം നിർവ്വഹിച്ചു.

ഒരു യോദ്ധാവിനെപ്പോലെ തിൻമകളെ എതിർത്ത് തോൽപ്പിക്കുന്ന മിഖായേൽ മാലാഖയുടെ പ്രവർത്തനങ്ങളെ വിശുദ്ധ പൗലോസ് ശ്ലീഹായുടെ വചനങ്ങളുമായി സമന്വയിപ്പിച്ചുകൊണ്ട് നൽകിയ വചന സന്ദേശത്തെ തുടർന്ന് സണ്ണിയച്ചൻ എല്ലാവർക്കും തിരുനാൾ മംഗളങ്ങൾ ആശംസിച്ചു. ഇടവക വികാരി റവ: ഫാ. ജോസ് ഇല്ലിക്കുന്നും പുറത്ത് നന്ദി പറഞ്ഞു.

'ജയ മിഖായേൽ' എന്നു തുടങ്ങുന്ന സ്തുതി ഗാനം ജോസ് സൈമൺ കുറുപ്പം പറമ്പിൽ നയിച്ച ഗായക സംഘത്തിന്റെ ഹൃദ്യമായ ആലാപനത്തിൽ ശ്രദ്ധേയമായി. മോഹൻ തറയിൽ, ചാർലി വടക്കേടത്ത്, ബാബു പറയങ്കാലായിൽ എന്നിവർ പ്രസുദേന്തിമാരായിരുന്നു. നീണ്ടൂർ ഇടവകാംഗങ്ങൾ ഒരുക്കിയ ലഘുഭക്ഷണത്തോടെ തിരുനാൾ ചടങ്ങുകൾ സമാപിച്ചു.

# ക്യൂൻസ് മിഷനിൽ വി. എസ്തപ്പാനോസിന്റെ തിരുനാൾ മെയ് 11 മുതൽ ആരംഭിച്ചു

ന്യൂയോർക്ക്: ക്യൂൻസ് ക്നാനായ മിഷനിൽ വി. എസ്തപ്പാനോസിന്റെ തിരുനാൾ മെയ് 11 വൈകിട്ട് 6.30 ന് മിഷൻ ഡയറക്ടർ ഫാ. ജോസ് തറക്കലിന്റെ നേതൃത്വത്തിൽ കൊടിയേറി. തുടർന്ന് ലദീഞ്ഞ്, നൊവേന, വിശുദ്ധ കുർബാന എന്നിവ നടന്നു.

മെയ് 12 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2-ന് യുവജനങ്ങളുടെ നേതൃത്വത്തിൽ കാർണിവൽ, തുടർന്ന് ഭക്തിനിർഭരമായ കുർബാനയും വേസ്പരയും, തുടർന്ന് റിഥം ന്യൂയോർക്ക് ഒരുക്കിയ ഗാനമേളയും കലാസന്ധ്യയും ഉണ്ടായിരുന്നു. ഇന്ന് വൈകിട്ട് 3.30 ന് ലദീഞ്ഞ് സെന്റ് തോമസ് കപ്പേളയിൽ, തുടർന്ന് വിശുദ്ധന്റെ തിരുരൂപവും വഹിച്ചുകൊണ്ടുള്ള പ്രൗഢ ഗംഭീരമായ പ്രദക്ഷിണം. പ്രദക്ഷിണത്തിന് അകമ്പടി സേവിച്ചുകൊണ്ട് 'ലോംങ് ഐലന്റ് താളലയ' ത്തിന്റെ നേതൃത്വത്തിൽ ശിങ്കാരിമേളം ഉണ്ടായിരിക്കും.

ഫാ. സജി പിണർകയിലിന്റെ നേതൃത്വത്തിൽ ആഘോഷപൂർവ്വമായ പാട്ടുകുർബാന, വചനസന്ദേശം ഫാ. ബിനോയ് മാരിപ്പാട്ട് സി.എം.ഐ.

ക്നാനായ വാർത്തകൾ ഒരു നിമിഷം മുമ്പേ
ക്നാനായ വോയ്സ്
www.knanayavoice.com




TAX SERVICE
INCOME TAX & ACCOUNTING



FREE E-FILING · SAME DAY REFUND
SAJU KANNAMPALLY
2700 Maynard Dr. Glenview, IL-60025
Phone: 1-847-791-1824, Fax: 1-847-239-6727
Email: saju7@yahoo.com
ASSOCIATES WITH JAIBU KULANGARA

3omTV
KV TV Kerala Knanaya Voice
Asianet, KVTV and 15 other channels just for $24.99
Call KnanayaVoice team for Subscription on 773-234-2685, 847-791-1824

# വിഗാൻ ക്നാനായ കാത്തലിക് അസോസിയേഷൻ ഈസ്റ്റർ ആഘോഷിച്ചു

വിഗാൻ: വിഗാൻ ക്നാനായ കാത്തലിക് അസോസിയേഷന്റെ ഈസ്റ്റർ ആഘോഷം വെള്ളിയാഴ്ച്ച ലേ സേക്രട്ട് ചർച്ച് പാരീഷ് ഹാളിൽ ചേർന്ന കുടുംബ കൂട്ടായ്മ, ജപമാല എന്നിവയോടു കൂടി ആരംഭിച്ചു. തുടർന്ന് യോഗത്തിലേക്ക് സെക്രട്ടറി മോനച്ചൻ ചാക്കോ ഏവരെയും സ്വാഗതം ചെയ്തു. തുടർന്നു പ്രസിഡന്റ് ജാസ്റ്റിൻ ആകശാല ക്നാനായ സമുദായത്തിന്റെ വളർച്ചക്കും നൻമക്കും, വിവിധ മേഖലയിൽ പ്രവർത്തിക്കുന്ന സമുദായ അംഗങ്ങളുടെയും മറ്റുള്ളവരുടെയും സേവനങ്ങൾ വേണ്ട വിധം പ്രയോജനപ്പെടുത്തണം എന്ന് തന്റെ അധ്യക്ഷ പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു.

തുടർന്നുള്ള ക്ലാസ്, വിശിഷ്ട അതിഥി ആയ സോളിസിസ്റ്റർ സ്റ്റീഫൻ ഇടുക്കളയുടെ നേതൃത്വത്തിൽ നടന്നു. പ്രവാസികൾക്ക് അറിയാൻ പാടില്ലാത്ത പല നിയമ ആവശ്യങ്ങളെ കുറിച്ചും എങ്ങനെ ഈ മേഖലകളിൽ പുതിയ തലമുറ കടന്നു വരണം എന്നതിനെക്കുറിച്ചും മറ്റും വിവിധ വിഷയങ്ങളെ പറ്റിയുള്ള അദ്ദേഹത്തിന്റെ ക്ലാസിൽ ചർച്ച ചെയ്യപ്പെട്ടു. അദ്ദേഹം എല്ലാവരുടെയും സംശയങ്ങളും നിവാരണം ചെയ്യുകയും ചെയ്തു.



അതോടെ ഒപ്പം മാസ്റ്റർ ഡാരൺ സിബി കണ്ടത്തിൽ ഫോട്ടോ ആൽബം ഉണ്ടാക്കുന്നതിനെക്കുറിച്ചുള്ള തന്റെ അറിവ് പങ്കുവച്ചു. കുരുന്നുകളായ ലിവ ജേക്കബിന്റെയും ഷാൻ സ്റ്റീഫന്റെയും ഡാൻസ് എല്ലാവരിലും കൗതുകം ഉണർത്തി. സിബി കണ്ടത്തിലിന്റെയും ഷാജി വാരാക്കുടിയുടെയും നേതൃത്വത്തിൽ ഉള്ള പുരാതന പാട്ട് എല്ലാവരിലും ആവേശം തിരിതെളിയിച്ചു. കുട്ടികളുടെയും മുതിർന്നവരുടെയും കലാപരിപാടികൾക്കും വിഭവ സമൃദ്ധമായ ഭക്ഷണത്തിനും ശേഷം പരിപാടികൾ അവസാനിച്ചു.

# കുമരകം സംഗമം വേറിട്ടൊരനുഭവമായി



കാർഡിഫ്: ഓൾ യൂറോപ്പ് കുമരകം സംഗമം മുൻ വർഷങ്ങളെ അപേക്ഷിച്ച് തികച്ചും വേറിട്ടൊരനുഭവം ആയിരുന്നു. ജോർജ് തോമസ് വാളതാറ്റ് ഉദ്ഘാടനം ചെയ്ത സംഗമത്തിൽ ഏകദേശം നൂറോളം ആളുകളെ പങ്കെടുപ്പിക്കുവാൻ സാധിച്ചത് തന്നെ വലിയൊരു വിജയം ആയിരുന്നു. ഷിനു വാളതാറ്റ് നേത്രുതം കൊടുക്കുന്ന കുമരകം ഓർക്കസ്ട്ര മികച്ച പാട്ടുകളും ശബ്ദ മിശ്രിതവും കൊണ്ട് സദസ്സിനെ കയ്യിലെടുത്തപ്പോൾ ആടിയും പാടിയും സദസ്സിലേക്കിറങ്ങിയ ലിറ്റിൽ ഏഞ്ചൽസ് എല്ലാവരുടെയും പ്രശംസ പിടിച്ചുപറ്റി.

ഏഷ്യനെറ്റ് ടാലെന്റ് കോൺടെസ്റ്റിൽ ഹാട്രിക് വിജയ തിളക്കവും ആയി എത്തിയ കുമരകത്തിന്റെ പ്രിയ പുത്രി ഗായിക പ്രിയ ജോമോൻ വ്യത്യസ്തമായ ഗാനങ്ങൾ പാടി സംഗമത്തിന് മാറ്റുകൂട്ടി.

കുമരകംകാർ കലാപ്രതിഭകൾ ആണെങ്കിൽ അവരുടെ അളിയൻമാരും പ്രതിഭകൾ ആണ് എന്ന് തെളിയിക്കുന്നതായിരുന്നു അളിയൻമാരുടെ നാടൻ പാട്ട്.

യൂറോപ്പിലെ പല വേദികളിൽ നിന്നും അംഗീകാരം ലഭിച്ച പ്രതിഭകൾ തങ്ങളുടെ നാട്ടുകാരുടെ മുൻപിൽ ഒരിക്കൽ കൂടി തങ്ങളുടെ കഴിവുകൾ അവതരിപ്പിക്കുകയുണ്ടായി.

ഇത്തവണ കുമരകം സംഗമത്തിൽ ആദ്യമായി എല്ലാ കലാകാരൻമാർക്കും പുരസ്കാരങ്ങൾ നൽകി ആദരിക്കുകയും ചെയ്തു. കരിമീൻ, മത്തി, കൊഞ്ച്, ഞണ്ട്, കക്കാ ഇറച്ചി, തുടങ്ങിയ കുമരകത്തിന്റെ പ്രിയ ഭക്ഷണങ്ങൾ ആണ് റെജി കൊചുചെമ്മാന്ത്ര നേതൃത്വം കൊടുത്ത പാചക കമ്മിറ്റി ഇത്തവണ സംഗമത്തിനായി ഒരുക്കിയിരുന്നത്. ഇനിയും ഒരു വർഷം കഴിഞ്ഞേ കാണുകയുള്ളുവല്ലോ എന്ന വേദനയോടെയാണ് സംഗമത്തിൽ പങ്കെടുത്ത എല്ലാവരും പിരിഞ്ഞത്.

ഇത്രയും മികവുറ്റ രീതിയിൽ സംഗമം നടത്തുവാൻ സാധിച്ചതിൽ അങ്ങേയറ്റം സന്തോഷം ഉണ്ടെന്നും വിജയത്തിനായി സഹകരിച്ച എല്ലാവരോടും അങ്ങേയറ്റം നന്ദി രേഖപ്പെടു ത്തുന്നതായും, അടുത്ത സംഗമം ബർമിംഗ്ഹാമിൽ വെച്ച് നടത്തു വാൻ തീരുമാനിച്ചു എന്നും സംഘാടകർ അറിയിച്ചു.

# ജർമൻ ക്നാനായ കുടുംബമേളക്ക് വെള്ളിയാഴ്ച തുടക്കം കുറിച്ചു

ബർലിൻ: മൂന്നു ദിവസം നീണ്ടുനിൽക്കുന്ന ഇരുപത്തി ഒന്നാം ജർമൻ ക്നാനായ കുടുംബമേളക്ക് ജർമനിയിലെ ഫ്ളുഡായിൽ വെള്ളിയാഴ്ച കൊടിയേറി. ഫ്ളുഡായിലെ ക്ലോപ്പിങ് ഹൗസിലെ ക്നാനായ നഗറിൽ ചേരുന്ന കുടുംബമേള റവ. ഡോ. തമ്പി പനങ്ങാട്ട് ഉദ്ഘാടനം ചെയ്തു.

ജർമനിയിലെ ക്നാനായ സമൂഹത്തിലെ രണ്ടാം തലമുറയാണ് മേളക്ക് നേതൃത്വം നൽകുന്നത്. ജർമനിക്ക് പുറമേ വിവിധ യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ള ക്നാനായ പ്രതിനിധികൾ മേളയിൽ പങ്കു ചേരുന്നുണ്ട്.

മൂന്നു ദിവസം നീണ്ടുനിൽക്കുന്ന മേളയിൽ പൊതുചർച്ചകൾ, ശിൽപശാലകൾ, സ്പോർട്സ് മൽസരങ്ങൾ, ക്നാനായത്തനിമയുള്ള കലാപരിപാടികൾ എന്നിവ ഉണ്ടായിരിക്കും.

ജർമനിയിലെ ഹാഗൻ മേഖലയിൽ നിന്നുള്ള ഫിലിപ് പുത്തൻപുര, ചാക്കോച്ചൻ വാഴയിൽ, ഫിലിപ് കോളങ്ങായിൽ, സൈമൺ മാക്കീൽ എന്നിവരുടെ നേതൃത്വത്തിലാണ് ക്നാനായ സമൂഹത്തിലെ രണ്ടാം തലമുറ ഈ വർഷത്തെ മേള അണിയിച്ച് ഒരുക്കിയിരിക്കുന്നത്.

# മോനിപ്പള്ളി സംഗമം ജൂൺ രണ്ടിന്

ആറാമത് മോനിപ്പള്ളി സംഗമം ജൂൺ രണ്ടിന് ലാർക് ഫീൽഡ് കെന്റിലെ ഹെയ്തി ലെയിനിൽ ലാർക്ക് ഫീൽഡ് വില്ലേജ് ഹാളിൽ നടക്കും. യു.കെയിലെ എല്ലാ മോനിപ്പള്ളി നിവാസികളും സംഗമത്തിൽ സംബന്ധിക്കും. ജോണി ഇലവുംകുഴുപ്പിൽ പ്രസിഡന്റും റോബിൻ കളപ്പുരക്കൽ സെക്രട്ടറിയും ജോഷി ആനിത്തോട്ടത്തിൽ ട്രഷററുമായ കമ്മിറ്റിയാണ് സംഗമത്തിനുള്ള ഒരുക്കങ്ങൾ നടത്തുന്നത്.

ക്നാനായ വോയ്സ്
www.knanayavoice.com

# മാതാപിതാക്കൾക്കും യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾക്കുമായുള്ള ധ്യാനം

ബർമിംങ്ഹാം: യൂണിവേഴ്സിറ്റിയിലും കോളേജിലും പഠിക്കുന്ന വിദ്യാർത്ഥികൾക്കായും അവരുടെ മാതാപിതാക്കൾക്കായും ഫാ. സോജി ഓലിക്കലിന്റെ നേതൃത്വത്തിൽ ധ്യാനം ബർമിംങ്ഹാമിലെ ബാൽസാൽ കോമണിൽ നടക്കും. ഞായറാഴ്ച ഉച്ചക്ക് 12 മുതൽ വൈകുന്നേരം 7 വരെ ബ്ലസ്ഡ് റോബർട്ട് ഗ്രിസോൾഡ് ചർച്ചിൽ ധ്യാനം ക്രമീകരിച്ചിരിക്കുന്നത്.

വിശുദ്ധിയിൽ യുവതലമുറയെ വാർത്തെടുക്കുന്നതിനോടൊപ്പം മാതാപിതാക്കളും മക്കളും ഒന്നുചേർന്ന് ദൈവിക സ്നേഹം തിരിച്ചറിയുവാനും പരസ്പര പ്രാർത്ഥനയിലൂടെ ദൈവമഹത്വം ദർശിക്കുവാനും സഹായകമാകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് നോബിൾ 07737695783, വിലാസം: Blessed Robert Grissold Church Meeting Lane, Balsal Common CV7 7 GE

മൈലാഞ്ചി, ചന്തംചാർത്ത്, വിവാഹം, സമ്മേളനങ്ങൾ, കൺവൻഷനുകൾ പ്രിയപ്പെട്ടവരുടെ വേർപാട് ഇവ ക്നാനായവോയ്സ്.കോം–ൽ തൽസമയം കാണുവാൻ
ബന്ധപ്പെടുക
യു.എസ്.എ: 7732342685, ഇന്ത്യ: 9447475735,
യു.കെ.: 07861739053,
ഓഷ്യാന: +61422435158, ഗൾഫ്: +971506845644

വസ്തു വില്പനയ്ക്ക്
എറണാകുളം കടവന്ത്രക്കും പനമ്പിള്ളി നഗറിനും സമീപം 34 സെന്റ് സ്ഥലം ഉടൻ വില്പനക്ക്.
കൂടുതൽ വിവരങ്ങൾക്ക്
+97466768069
+97455319216


EXCALIBUR
HOTELS & RESORTS
HOTEL EXCALIBUR
Caritas Junction, MC Road,
Thellakom - 686016
Kottayam, Kerala.
Ph:+91 481 2791781,82,83.
www.hotelexcalibur.in
info@hotelexalibur.in

# നിര്യാതരായി

താമരക്കാട്: വെള്ളാങ്കൽ പരേതനായ തോമസിന്റെ ഭാര്യ ഏലിക്കുട്ടി (85) നിര്യാതയായി. സംസ്കാരം ശനിയാഴ്ച താമരക്കാട് സെന്റ് സെബാസ്റ്റ്യൻസ് പള്ളി സെമിത്തേരിയിൽ നടത്തി. പരേത ചെറുകര വട്ടുകുളത്തിൽ കുടുംബാംഗമാണ്. മക്കൾ : മേരി, ബേബി, ടോമി (ഡൽഹി). മരുമക്കൾ: ജോസ് തറപ്പേൽ ഉഴവൂർ, സെലിൻ പുളിക്കക്കണ്ടത്തിൽ മാറിക, ജസി നെടുംതൊട്ടിയിൽ മാലക്കല്ല്.

വെളിയനാട്: പുതുമംഗലത്ത് പി.പി. തോമസ് (തോമാച്ചൻ–85) അന്തരിച്ചു. ഭാര്യ: ആനിയമ്മ വെളിയനാട് വലിയപറമ്പിൽ കുടുംബാംഗം. മക്കൾ: ഫിലിപ്പ് പി. തോമസ് (കെ.എസ്.ആർ.ടി.സി.), തോമസ് പി.തോമസ്. മരുമക്കൾ: അനിത പ്ലാംതോട്ടത്തിൽ, ബിനു കറേക്കള്ളിൽ. ശവസംസ്കാരം വെളിയനാട് സെന്റ് സ്റ്റീഫൻസ് ക്നാനായ പള്ളി സെമിത്തേരിയിൽ നടത്തി.



നമ്പ്യാകുളം: സിറിയക് മാത്യു ഇടയോടിൽ (അപ്പാൻ–66) നിര്യാതനായി. ഭാര്യ അന്നകുട്ടി നമ്പ്യാകുളം പീടികകാലയിൽ കുടുംബാഗമാണ്. മക്കൾ: റെജിമോൾ വല്ലൂർ മറ്റക്കര (ചിക്കാഗോ), ഷിജിമോൻ (അബുദാബി), ജിജി സ്റ്റീഫൻ ചിറ്റേട്ട്, പുന്നത്തുറ . മരുമക്കൾ: ആന്റണി വല്ലൂർ (മറ്റക്കര ചിക്കാഗോ), മെയ് മോൾ കട്ടിയാങ്കൽ കിടങ്ങൂർ, സ്റ്റീഫൻ ചിറ്റെട്ടു പുന്നത്തുറ. സംസ്കാരം നമ്പ്യാകുളം സെന്റ് തോമസ് മൗണ്ട് പള്ളിയിൽ. പരേതൻ കോതനല്ലൂർ തുവനീസാ ഇടവകാംഗമാണ്.

കുമരകം: സാമ്പിച്ചിറയിൽ മത്തായി പുന്നൂസിന്റെ ഭാര്യ തങ്കമ്മ പുന്നൂസ് (70) നിര്യാതയായി. സംസ്ക്കാരം കുമരകം വള്ളാറപ്പാറ പള്ളി സെമിത്തേരിയിൽ നടത്തി. മക്കൾ: പൗളി, ഡോളി, മാത്യു (യു.കെ.), സിബി (ഇറ്റലി). മരുമക്കൾ: കുഞ്ഞുമോൻ കരിമ്പിൽ പരിപ്പ്, സ്റ്റീഫൻ കുടിലിൽ കല്ലറ, നീനാ മാത്യു ചിറപ്പുറത്ത് കുമരകം.

ചാമക്കാലാ:ഓളിയിൽ പുത്തൻ പുരയിൽ പരേതനായ ചാണ്ടിയുടെ മകൻ പി.സി. ഫിലിപ്പ് (48) നിര്യാതനായി. സംസ്കാരം സെന്റ് ജോൺസ് പള്ളിസെമിത്തേരിയിൽ നടത്തി. ഭാര്യ: ബ്രഹ്മമംഗലം ഇട്ടിച്ചോട്ടിൽ കാലായിൽ അനിത (നഴ്സിങ് സൂപ്രണ്ട്, റൈറ്റ് ഹോസ്പിറ്റൽ, ബാംഗ്ലൂർ). മക്കൾ: അനീറ്റ, ആൽബിൻ.



ഞീഴൂർ: ചെമ്മലക്കുഴി പരേതനായ ചാക്കോച്ചന്റെ (ജെയിംസ്) ഭാര്യ അന്നമ്മ(81) നിര്യാതയായി. കരിങ്കുന്നം വെട്ടിക്കാട്ടിൽ കുടുംബാംഗമാണ്. മക്കൾ: മേഴ്സി ജോൺ നീറ്റുകാട്ട് (ഉഴവൂർ ), ജോസ് ജേക്കബ് ചെമ്മലക്കുഴി (പരേതൻ), എബ്രഹാം ജേക്കബ് ചെമ്മലക്കുഴി (സ്വിറ്റ്സർലൻഡ്), ടോം ജേക്കബ് ചെമ്മലക്കുഴി (ചിക്കാഗോ). മരുമക്കൾ: ജോൺ നീറ്റുകാട്ട് ഉഴവൂർ, ലീലാമ്മ തെക്കേടത്ത് തൊടുപുഴ, മേഴ്സി അറക്കൽ മോനിപ്പള്ളി, മേഴ്സി കിഴക്കേത്തറ ഉഴവൂർ. സംസ്കാരം ശനിയാഴ്ച ഉച്ചകഴിഞ്ഞ് ഞീഴൂർ ഇൻഫന്റ് ജീസസ് പള്ളി സെമിത്തേരിയിൽ നടത്തി.

പുന്നത്തുറ:തോട്ടത്തിൽ ടി.എം. ഫിലിപ്പ് അന്തരിച്ചു. ഭാര്യ: ചിന്നമ്മ പുന്നത്തുറ പോളക്കൽ കുടുംബാംഗം. മക്കൾ: ലീലാമ്മ, ആലീസ്, ജയിംസ്, ജോർജ്, ബിൻസി, റ്റിനി, സാജൻ(ഇറ്റലി). മരുമക്കൾ: തോമസ് കൂടല്ലൂർ കാഞ്ഞമറ്റത്തിൽ, കെ.പി. ചാക്കോ കിടങ്ങൂർ കൂടത്തിനാൽ, ഷീബ കുറുമുള്ളൂർ പാറ്റിയാൽ, ഗറ്റ്സി പരുത്തുംപാറ ചൂരോടിൽ, സൈമൺ അറുനൂറ്റിമംഗലം കണ്ണികുളത്തേൽ, ബീന പയ്യാവൂർ കൊച്ചുപറമ്പിൽ. സംസ്കാരം പുന്നത്തുറ സെന്റ്തോമസ് പഴയ പള്ളി സെമിത്തേരിയിൽ നടത്തി.

കിടങ്ങൂർ സൗത്ത്:ചിറ്റേട്ട് പോത്തന്റെ ഭാര്യ ഏലിക്കുട്ടി (77) അന്തരിച്ചു. കോതനല്ലൂർ ഞരളക്കാട്ടുതുരുത്തിൽ കുടുംബാംഗം. മക്കൾ: ഫിലിപ്പ്, സിസ്റ്റർ ദിവ്യ (എസ്.വി.എം. പീരുമേട്), സ്റ്റീഫൻ, തോമസ്. മരുമക്കൾ: സാലി കോതാള്ളം ഉഴവൂർ, ജിജി ഇടയോടിൽ നമ്പ്യാകുളം, ജിനി പതിനഞ്ചിൽ പറമ്പിൽ വെട്ടിമുകൾ. ശവസംസ്കാരം പുന്നത്തുറ പഴയ പള്ളി സെമിത്തേരിയിൽ നടത്തി.

മള്ളൂശ്ശേരി:തൈയ്യിൽ പുത്തൻ പുരയിൽ (നാഗപ്പള്ളിൽ) പരേതനായ പി.ജെ. ജോസഫിന്റെ ഭാര്യ അന്നമ്മ (70) അന്തരിച്ചു. പരേത മള്ളൂശ്ശേരി ഇടയാഞ്ഞിലിൽ കുടുംബാംഗം. മക്കൾ: ലസി, ജോൺ ജോസഫ് (റോജി എ.വി.ജി. പ്ലാന്റേഷൻ, കൂട്ടിക്കൽ), പരേതയായ ബീന, ഷൈനി, മിനി. മരുമക്കൾ: ജയിംസ് കല്ലടാന്തിയിൽ (നീണ്ടൂർ), ടെൽമ പനന്തോട്ടത്തിൽ (ചക്കാമ്പുഴ), ജോമോൻ കാരാമക്കുഴിയിൽ (അരീക്കര), ജോമോൻ ചേലക്കൽ (മാറിക). ശവസംസ്കാരം മള്ളൂശ്ശേരി സെന്റ് തോമസ് പള്ളി സെമിത്തേരിയിൽ നടത്തി.

ഉഴവൂർ: കണ്ണംമാനാൽ പരേതനായ അബ്രാഹത്തിന്റെ ഭാര്യ ശോശാമ്മ (95) അന്തരിച്ചു. മക്കൾ: ഏലിയാമ്മ, ചിന്നമ്മ, സിസ്റ്റർ ലിൻസി (സെന്റ് ജോസഫ് കോൺവെന്റ് കോട്ടയം), റെജിനാമ്മ. മരുമക്കൾ: ജോൺ പഴേപുരയിൽ ചേറ്റുകുളം, ജോസ് പൊട്ടൻകുഴിയിൽ ഞീഴൂർ, പരേതനായ ജോസ് പുളിവേലിൽ പേരൂർ. ശവസംസ്കാരം ഇന്ന് രണ്ടിന് ഉഴവൂർ സെന്റ് സ്റ്റീഫൻസ് ഫൊറോനാ പള്ളി സെമിത്തേരിയിൽ.


## ഉപകാര സ്മരണ



പരിശുദ്ധയായ കന്യക മാതാവേ ഉദ്ദിഷ്ട കാര്യം സാധിച്ചതിന് ഉപകാര സ്മരണ
- ഒരു വിശ്വാസി -



## ഉപകാര സ്മരണ

വിശുദ്ധ അൽഫോൻസാമ്മയുടെ മധ്യസ്ഥതയാൽ ഉദ്ദിഷ്ട കാര്യം സാധിച്ചതിന് ഉപകാര സ്മരണ

- ഒരു വിശ്വാസി -

## പ്രത്യേക അറിയിപ്പ്

**ക്നാനായ വോയ്സ്.കോം–ൽ തൽസമയ സംപ്രേഷണം ബുക്ക് ചെയ്യുന്നവരുടെ പ്രത്യേക ശ്രദ്ധയ്ക്ക്**

ക്നാനായ വോയ്സ്.കോം–ൽ തൽസമയ സംപ്രേഷണം കാണിക്കാം എന്ന വ്യാജേന കേരളത്തിലെ പല വീഡിയോ ലൈബ്രററികളും സ്റ്റുഡിയോകളും നിങ്ങളെ സമീപിക്കുകയും പിന്നീട് വെബ്സൈറ്റിലെ സാങ്കേതിക കാരണങ്ങൾ നിരത്തി തങ്ങളുടെ വെബ്സൈറ്റിൽ കൂടി മാത്രമേ സംപ്രേഷണം ലഭ്യമാകുകയുള്ളൂ എന്ന് പറഞ്ഞ് നിങ്ങളെ തട്ടപ്പിന് ഇരയാക്കുന്നതായും അറിയുവാൻ സാധിച്ചു. ഇങ്ങനെ ആരെങ്കിലും നിങ്ങളെ സമീപിച്ചാൽ താഴെ കാണുന്ന ക്നാനായവോയ്സ് പ്രതിനിധികളുടെ നമ്പരിൽ വിളിച്ച് അത് യഥാർത്ഥ ആളുകളാണെന്ന് ഉറപ്പു വരുത്തുക.

**ബന്ധപ്പെടേണ്ട നമ്പറുകൾ**
**യു.എസ്.എ: 7732342685, ഇന്ത്യ: 9447475735, യു.കെ.: 07861739053, ഓഷ്യാന: +61422435158, ഗൾഫ്: +971506845644**

## റബ്ബർ തോട്ടം വില്പനയ്ക്ക്

ഞീഴൂർ ക്നാനായപള്ളിക്ക് സമീപം ഒരേക്കർ 36 സെന്റ് റബ്ബർ തോട്ടം ഉടൻ വില്പനക്ക്.

കൂടുതൽ വിവരങ്ങൾക്ക്
**847–791–1824**
**9447475735**

## വീടും സ്ഥലവും വില്പനയ്ക്ക്

കോട്ടയം മുനിസിപ്പാലിറ്റിയിൽ എസ്.എച്ച്. മൗണ്ട് ഇടവകയിൽപ്പെട്ട എല്ലാവിധ സൗകര്യങ്ങളോടും കൂടിയ ഏകദേശം 22 സെന്റ് സ്ഥലവും വീടും ഉടൻ വില്പനയ്ക്ക്.

കൂടുതൽ വിവരങ്ങൾക്ക്
**773–620–1202**
**9142045204**



# കല്ലറ പഴയ പള്ളിക്ക് പുതിയ ആത്മീയ അല്മായ നേതൃത്വം



കല്ലറ: കല്ലറ സെന്റ് തോമസ് പഴയ പള്ളിക്ക് പുതിയ ആത്മീയ അൽമായ നേതൃത്വം. കഴിഞ്ഞ കുറെ വർഷങ്ങളായി കല്ലറ പള്ളിയുടെ വികാരിയായി സേവനം അനുഷ്ഠിച്ചു വരികയായിരുന്ന റവ.ഫാ. ജോസഫ് കീഴങ്ങാട്ട് അറുനൂറ്റിമംഗലം പള്ളിയിലേക്ക് സ്ഥലം മാറി പോകുന്ന ഒഴിവിലേക്ക് പുതുതായി ഇടവകയുടെ ആത്മീയ നേതൃത്വം ഏറ്റെടുക്കുവാനായി അറുനൂറ്റിമംഗലം പള്ളിയിൽ വികാരിയായി സേവനം അനുഷ്ഠിച്ചു വരികയായിരുന്ന റവ.ഫാ.റോജി മുകളേൽ എത്തുന്നു. ഇത് വരെയും കൈക്കാരൻമാരായി സേവനം അനുഷ്ഠിച്ചു വന്ന ശ്രീ. ജോസ് ചെറുകാട്ടുപറമ്പിൽ, ശ്രീ ജോസ് കാരുവള്ളിൽ, ശ്രീ മത്തായി പുൽത്തറയിൽ എന്നിവർക്ക് പകരമായി ശ്രീ. ഫിലിപ്പ് മണപ്പാട്ട്, ശ്രീ. ഫ്രാൻസിസ് മാക്കീൽ, ശ്രീ. സിറിയക്ക് ഇലക്കോടിൽ എന്നിവർ പുതിയ വികാരി ചാർജ്ജെടുക്കുന്ന മുറക്ക് സ്ഥാനമേൽക്കും. അക്കൗണ്ടന്റ് ആയി സജി പടിഞ്ഞാറേവീട്ടിൽ തുടരും. കൂടാര യോഗങ്ങളുടെ ആഭിമുഖ്യത്തിൽ ഇടവക സമൂഹം വിപുലമായ രീതിയിൽ തന്നെ ഈ മാസം 19 ന് സ്ഥലം മാറി പോകുന്ന വികാരിക്ക് യാത്രയപ്പ് നൽകുകയും അതോടൊപ്പം പുതുതായി എത്തുന്ന വികാരിയച്ചന് സ്വാഗതം ചെയ്യുവാനുമുള്ള ക്രമീകരണങ്ങളും ആരംഭിച്ചു.




